# തിരുവിതാംകൂർ ദേവസ്വം ബോർഡ്

''സ്വാമി ശരണം''

ഡിഎ.നം.874/23/B2/NPS

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തിരുവനന്തപുരം
തീയതി: 21 /11/2023

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് പെൻഷൻ പദ്ധതി കുടിശ്ശിക/ മാസവിഹിതം എന്നിവ അടയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 13/09/2023, 16/09/2023 തീയതികളിലെ ROC.145/13/Est-1 നമ്പർ സർക്കുലറുകൾ.
2) തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 25/10/2023 തീയതിയിലെ ROC.145/13/Est-1 നമ്പർ നടപടി ഉത്തരവ്.

വിഷയത്തിലേക്കും സൂചനകളിലേക്കും ശ്രദ്ധക്ഷണിക്കുന്നു.

1) 01/04/2013 മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്നും (കാരാണ്മ, പാർട്ട്ടൈം ജീവനക്കാർ ഒഴികെ) പങ്കാളിത്ത പെൻഷൻ കുടിശ്ശിക/മാസ - വിഹിതങ്ങൾ മേൽ സൂചനകളിൽ നിഷ്ക്കർഷിച്ചിട്ടുള്ള വിധത്തിൽ നവംബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്ന് ഈടാക്കി ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പേരിലുള്ള ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തി ചെല്ലാനും സ്റ്റേറ്റ്മെന്റും 5-ാം തീയതിയ്ക്കുള്ളിൽ ഈ ആഫീസിൽ എത്തിച്ച് തരേണ്ടതാണ്.

2) പ്രസ്തുത സ്റ്റേറ്റ്മെന്റിൽ PRAN നമ്പർ, ജീവനക്കാരന്റെ മുഴുവൻ പേര്, തസ്തിക അടിസ്ഥാന ശമ്പളം, മാസവിഹിതം, കുടിശ്ശിക വിഹിതം തുടങ്ങിയവകൾ കൃത്യമായി രേഖപ്പെടുത്തണം. ഇതിന്റെ സോഫ്റ്റ് കോപ്പി (എക്സെൽ ഫോർമാറ്റിൽ) കൂടി ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ ഔദ്യോഗിക ഇ-മെയിൽ ആയ **npstdb23@gmail.com** വിലാസത്തിലേക്ക് അതാത് മാസം 5-ാം തീയതിയ്ക്കു മുമ്പായി തന്നെ അയക്കേണ്ടതാണ്.

3) എംപ്ലോയി വിഹിതത്തിന് തുല്യമായ തുക എംപ്ലോയർ വിഹിതമായി ദേവസ്വം അക്കൗണ്ട്സ് ആഫീസർ ബോർഡ് ഫണ്ടിൽ നിന്നും എടുത്ത് അടയ്ക്കേണ്ടതായിട്ടുണ്ട്. അതിനാൽ എംപ്ലോയി വിഹിതത്തിൽ പിശക് സംഭവിച്ചാൽ എംപ്ലോയർ വിഹിതത്തിലും പ്രസ്തുത പിശക് അതേപടി സംഭവിക്കുകയും തന്മൂലം ബോർഡിനോ ജീവനക്കാർക്കോ നഷ്ടം സംഭവിക്കാൻ ഇടയാവും.

4) ആരുടെയെങ്കിലും **PRAN** അടക്കമുള്ള കാര്യങ്ങളിൽ പിശക് സംഭവിച്ചാൽ ബോർഡിന്റെ മൊത്തം ജീവനക്കാരുടേയും തുക അടയ്ക്കാൻ സാധിക്കാതെ വരുന്നതാണ് എന്നത് കൊണ്ട് ഓരോ ആഫീസിൽ നിന്നും തയ്യാറാക്കി തരുന്ന ലിസ്റ്റിൽ യാതൊരുവിധ പിശകുകളും കടന്നുകൂടാൻ പാടില്ല.

5) വിവിധ ആഫീസുകളിൽ നിന്നുമായി ലഭിച്ച 662 അപേക്ഷകളിൽ 59 എണ്ണം നിരസിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിരസിക്കപ്പെട്ടിട്ടുള്ളതിന്റെ അപാകതകൾ ബന്ധപ്പെട്ട ആഫീസുകൾ അടിയന്തിരത്തിൽ പരിഹരിച്ച് വീണ്ടും ഹാജരാക്കേണ്ടതാണ്. കൂടാതെ **NSDL** -ൽ നിന്നും അംഗീകരിച്ച് ലഭിച്ച 603 ജീവനക്കാരുടെ

PRAN കാർഡ് ബന്ധപ്പെട്ട ആഫീസ് മേധാവികൾ/ചുമതലപ്പെടുത്തുന്ന ജീവനക്കാരൻ ഈ ആഫീസിൽ നേരിട്ട് ഹാജരായി കൈപ്പറ്റി ജീവനക്കാർക്ക് രേഖാമൂലം കൈമാറേണ്ടതാണ്.

6) കുടിശ്ശിക വിഹിതത്തിന്റെ സ്വഭാവം കാണിക്കുന്ന **Form of Option** കൂടി സ്റ്റേറ്റ്മെന്റിന്റെ കൂടെ ചേർക്കേണ്ടതാണ്.

7) എല്ലാ ജീവനക്കാരുടെയും എംപ്ലോയി/എംപ്ലോയർ വിഹിതം 6-ാം തീയതിയ്ക്കുള്ളിൽ **NSDL** -ന്റെ അക്കൗണ്ടിലേയ്ക്ക് ഒടുക്കേണ്ടതായിട്ടുണ്ട്. എന്നതിനാൽ 5-ാം തീയതി കഴിഞ്ഞ് ലഭിക്കുന്ന സ്റ്റേറ്റ്മെന്റ് തുകയുടെ പലിശ **NSDL** നിയമ പ്രകാരം ഈടാക്കുന്നതായിരിക്കും

8) എംപ്ലോയി വിഹിതം തിട്ടപ്പെടുത്തുന്നത് മൂലമുള്ള അപാകത കൊണ്ടോ **NSDL** -ലിന് യഥാസമയം തുക അടയ്ക്കാൻ സാധിക്കാതെ വരുന്നത് നിമിത്തമോ ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ആഫീസ് മേധാവികളിൽ നിന്നും ഈടാക്കുന്നതായിരിക്കും. ഇത്തരം നഷ്ടങ്ങൾ യാതൊരു കാരണവശാലും ബോർഡ് ഫണ്ടിൽ നിന്നും നികത്താൻ കഴിയുന്നതല്ല.

9) മേൽ സൂചന ഉത്തരവുകൾ ലംഘിച്ച് യാതൊരു കാരണവശാലും 11/2023 മുതലുള്ള ശമ്പളം ചെലവെഴുതാൻ പാടില്ലാത്തതാണ്.

വിശ്വസ്തതയോടെ,

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്:-

1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖകത്ത് സഹിതം)
2) ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖകത്ത് സഹിതം)
3) ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
5) എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ
6) എക്സിക്യൂട്ടീവ് ആഫീസർ ശബരിമല
7) ഐ.റ്റി.ഡിവിഷൻ
8) സെക്ഷൻ ഫയൽ